## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 219 06.02.2018 -ലെ മറുപടിക്ക്.

### തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

ചോദ്യം

**ശ്രീ.എസ്.ശർമ്മ**
**ശ്രീ.കെ. ആൻസലൻ**
**ശ്രീമതി യു. പ്രതിഭ ഹരി**
**ശ്രീ.എം. രാജഗോപാലൻ:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ തുടർന്നുവരുന്ന തൊഴിലാളി വിരുദ്ധ നയങ്ങൾക്ക് ബദലായി, സംസ്ഥാന സർക്കാർ തൊഴിലാളി ക്ഷേമത്തിനായും വേതന സുരക്ഷയ്ക്കായും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | തൊഴിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകൾ വഴി തൊഴിലാളി ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയായ വേതന സുരക്ഷാ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന മിനിമം വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നു. 1948 – ലെ മിനിമം വേതന നിയമപ്രകാരവും 1936 – ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ ഓൺലൈൻ ആയിതന്നെ പരിശോധിക്കുകയും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം അവലോകനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | അവലോകനം ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. 75 ലക്ഷത്തോളം തൊഴിലാളികൾ ടി ബോർഡുകളിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ, വിവാഹധനസഹായം, അപകട - ചികിത്സാ ധനസഹായം എന്നിങ്ങനെ നിരവധി ആനുകൂല്യങ്ങൾ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾക്ക് പെൻഷൻ വിതരണത്തിനു സർക്കാർ ധനസഹായം നൽകുന്നു. |
| (സി) | കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിനും ചെലവ് കുറച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ